**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 10** **27-06-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളിലെ ഓൺലൈൻ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ഓഫീസുകളിലെ ഓൺലൈൻ സേവന സൗകര്യങ്ങൾ പ്രത്യേകിച്ച് സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ പലപ്പോഴും തകരാറിലാകുന്നതുമൂലം സേവനം ലഭ്യമാക്കാൻ വലിയ കാലതാമസവും തടസ്സങ്ങളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാന സർക്കാർ ഓഫീസുകളിലെ ഓൺലൈൻ സേവന സൗകര്യങ്ങൾ നിലവിൽ മികച്ച രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ സോഫ്റ്റ്‌വെയർ, സെർവർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന വേളയിലും ഹാർഡ്‌വെയർ തകരാർ ഉണ്ടാകുന്ന സന്ദർഭങ്ങളിലും ചിലപ്പോൾ വളരെ ചെറിയ സമയത്തേയ്ക്ക് തടസങ്ങൾ ഉണ്ടായേക്കാം. അങ്ങനെയുള്ള അവസരങ്ങളിൽ അവ കഴിയുന്നതും വേഗം പരിഹരിക്കുവാനും, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ കാലവിളംബം കൂടാതെ ലഭ്യമാക്കുവാനും വേണ്ട മുൻകരുതലുകൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടുതൽ മെച്ചപ്പെട്ട വിധത്തിലുള്ള ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനായി സോഫ്റ്റ്‌വെയറുകളും ഹാർഡ്‌വെയറുകളും ആവശ്യാനുസരണം സമയബന്ധിതമായി നവീകരിച്ചുവരുന്നു. |
| (ബി) | ഇത്തരം തടസ്സങ്ങൾ ഒഴിവാക്കുന്നതിനും ജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാന സർക്കാർ ഓഫീസുകളിലെ ഓൺലൈൻ സേവന സൗകര്യങ്ങൾ നിലവിൽ മികച്ച രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ സോഫ്റ്റ്‌വെയർ, സെർവർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന വേളയിലും ഹാർഡ്‌വെയർ തകരാർ ഉണ്ടാകുന്ന സന്ദർഭങ്ങളിലും ചിലപ്പോൾ വളരെ ചെറിയ സമയത്തേയ്ക്ക് തടസങ്ങൾ ഉണ്ടായേക്കാം. അങ്ങനെയുള്ള അവസരങ്ങളിൽ അവ കഴിയുന്നതും വേഗം പരിഹരിക്കുവാനും, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ കാലവിളംബം കൂടാതെ ലഭ്യമാക്കുവാനും വേണ്ട മുൻകരുതലുകൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടുതൽ മെച്ചപ്പെട്ട വിധത്തിലുള്ള ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനായി സോഫ്റ്റ്‌വെയറുകളും |

| | | | |
|---|---|---|---|
| | | | ഹാർഡ്‌വെയറുകളും ആവശ്യാനുസരണം സമയബന്ധിതമായി നവീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ